പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1975 — 14.08.2017 — ൽ മറുപടിക്ക്

## പുതുതായി ഫോട്ടോ എടുത്ത് കാർഡ് പുതുക്കുന്നതിനുള്ള അവസരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. വിജയൻ പിള്ള : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) | |
| (എ) | റേഷൻ കാർഡ് പുതുക്കുന്ന സമയത്ത് ഫോട്ടോ എടുത്ത് കാർഡ് പുതുക്കാൻ കഴിയാത്തവർക്ക് ഫോട്ടോ എടുത്ത് കാർഡ് പുതുക്കുന്നതിനുള്ള അവസരം നൽകുമോ; ഏത് മാസം മുതൽ ഇതിനുള്ള സൗകര്യം ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ; | (എ) | റേഷൻകാർഡ് പുതുക്കൽ ഒരു തുടർ പ്രക്രിയയാണ്. പുതുക്കിയ റേഷൻകാർഡുകളുടെ വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ കാർഡുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പുനരാരംഭിക്കുന്നതാണ്. |
| (ബി) | അർഹത ഉണ്ടായിട്ടും മുൻഗണനാ വിഭാഗത്തിൽപ്പെടാതെ പോയവർക്ക് അത് പരിഹരിച്ച് കൊടുക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ സ്വീകരിക്കുമോ? | (ബി) | മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ട് 5,14,103 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ വിശദമായി പരിശോധിക്കുന്നതിലേയ്ക്കായി താലൂക്ക് സപ്ലൈ ഓഫീസ് തലത്തിൽ ക്രോഡീകരിച്ച് നടപടികൾ നടന്നുവരുന്നു. അനർഹരായവരെ പൂർണ്ണമായും ഒഴിവാക്കുന്നത് വഴി കൂടുതൽ അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ